# Deepika

## 28 August 2018

## Kochi: After flood, Relief operations



### പ്രളയബാധിതരുടെ കണ്ണീരൊപ്പാൻ പെരുമാനൂർ ലൂർദ്മാതാ ഇടവകയും

**കൊച്ചി:** പ്രളയഭൂമികളിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു പെരുമാനൂർ ലൂർദ്മാതാ പള്ളി ഏഴു ലക്ഷം രൂപ സമാഹരിച്ചു നൽകി. ഇടവകയിലെ വീടുകളിൽനിന്നും സംഘടനകളിൽനിന്നുമുള്ള സംഭാവനകളിലൂടെയാണു തുക സമാഹരിച്ചത്. അഞ്ചു ലക്ഷം രൂപയുടെ ചെക്ക് എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്തിനു വികാരി ഫാ. തോമസ് നങ്ങേലിമാലിൽ കൈമാറി.

ഇടവകയുടെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു. അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സഹൃദയയ്ക്കു നേരത്തെ 75,000 രൂപ കൈമാറിയിരുന്നു. 77,000 രുപയുടെ ഭക്ഷ്യവസ്തുക്കൾ കൂനമ്മാവിലെ രണ്ടു ദുരിതാശ്വാസ ക്യാമ്പുകളിലായി നൽകി. 25,000 രൂപയുടെ ക്ലീനിംഗ് സാധനങ്ങൾ ചെറായി മേഖലയിൽ വിതരണം ചെയ്തു. ഇടവകയിലെ യുവജനങ്ങൾ ചെറായിയിലെ വിവിധ വീടുകൾ വൃത്തിയാക്കുന്നതിലും സജീവമായിരുന്നു. കൈക്കാരൻമാരായ ജോസഫ് ചെമ്പകശേരി, ജോസഫ് വർഗീസ് മാളിയേക്കൽ ചിതലൻ, വൈസ് ചെയർമാൻ ജോണി മാണിക്കത്ത്, എസ്ഡി കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ ലിറ്റിൽ ട്രീസ, വിശ്വാസ പരിശീലന കേന്ദ്രം പ്രധാനധ്യാപിക സിസ്റ്റർ ലീന ഗ്രേയ്സ് എന്നിവർ നേതൃത്വം നൽകി. ഇടവകസമൂഹം മുഴുവൻ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി അതീവ താത്പര്യത്തോടെ കൈകോർത്തുവെന്നു വികാരി ഫാ. തോമസ് നങ്ങേലിമാലിൽ പറഞ്ഞു.

**പ്രളയ ദുരിതാശ്വാസത്തിനു പെരുമാനൂർ ലൂർദ്മാതാ പള്ളി സമാഹരിച്ച തുകയിൽ അഞ്ചു ലക്ഷം രൂപയുടെ ചെക്ക് എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്തിനു വികാരി ഫാ. തോമസ് നങ്ങേലിമാലിലും ഇടവക പ്രതിനിധികളും ചേർന്നു കൈമാറുന്നു.**